02.05.2026

# ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല
## കൊല്ലം
## പഠിതാക്കൾക്കുള്ള അറിയിപ്പ്

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ ലേണർ സപ്പോർട്ട് സെന്ററുകളുമായി (LSCs) ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ വിവിധ വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലേക്ക് ചില സ്വകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ കയറി, പ്രത്യേക ക്ലാസുകൾ വാഗ്ദാനം ചെയ്യുകയും പണം വാങ്ങിനടത്തുന്ന ടി ക്ലാസുകളിൽ ചേരുവാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുകയും ചെയ്യുന്നതായി ബഹു. വൈസ് ചാൻസിലറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും, ഈ ക്ലാസുകൾ സർവകലാശാലയുടെ ഔദ്യോഗിക ഭാഗമാണെന്ന് തെറ്റിദ്ധരിക്കാൻ ഇടയാക്കുകയും ചെയ്യുന്നു. യൂണിവേഴ്സിറ്റി ക്ലാസ്സുകളെടുക്കുന്നതിന് അംഗീകൃത പഠനസഹായകേന്ദ്രങ്ങളെ (LSC) മാത്രമേ ചുമതലപ്പെടുത്തിയിട്ടുള്ളൂ. ഈ പഠന സഹായകേന്ദ്രങ്ങളിൽ യൂണിവേഴ്സിറ്റി നിയോഗിച്ച യോഗ്യരായ അധ്യാപകർ നയിക്കുന്ന യു.ജി/പി.ജി പ്രോഗ്രാമുകൾക്കുള്ള ക്ലാസ്സുകൾ പഠിതാക്കളെല്ലാം നിർബന്ധമായും അറ്റന്റ് ചെയ്യേണ്ടതാണ്.

ബഹുമാനപ്പെട്ട വൈസ് ചാൻസിലർ ഈ വിഷയം ഗൗരവമായി എടുത്തതിന്റെ വെളിച്ചത്തിൽ, ഈ സ്വകാര്യ സ്ഥാപനങ്ങൾക്ക് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുമായി യാതൊരു ബന്ധമോ/അഫിലിയേഷനോ ഇല്ലെന്നും അവരുടെ തെറ്റിദ്ധരിപ്പിക്കൽ ശ്രമങ്ങൾക്ക് വിദ്യാർത്ഥികൾ ഇരയാകരുതെന്നും ബന്ധപ്പെട്ട എല്ലാവരോടും ഇതിനാൽ വ്യക്തമാക്കുകയാണ്. സർവകലാശാലയുമായി ബന്ധമുണ്ടെന്ന് അവകാശപ്പെടുന്ന ഇത്തരം സ്ഥാപനങ്ങളുടെ പരസ്യം, സന്ദേശം, അല്ലെങ്കിൽ സോഷ്യൽമീഡിയ ആശയവിനിമയം എന്നിവ തെറ്റായതും തെറ്റിദ്ധരിപ്പിക്കുന്നതും വഞ്ചനാപരവുമാണ്.

പഠിതാക്കൾ സ്വകാര്യ സ്ഥാപനങ്ങളുമായി വ്യക്തിഗത വിവരങ്ങൾ പങ്കിടുന്നതിൽ നിന്ന് കർശനമായി വിട്ടുനിൽക്കേണ്ടതാണ്. സർവകലാശാലയുമായി ബന്ധപ്പെട്ട എല്ലാ ഫീസുകളും യൂണിവേഴ്സിറ്റിയും റീജിയണൽ സെന്ററുകളും അംഗീകൃത ലേണർ സപ്പോർട്ട് സെന്ററുകളും യഥാസമയം നൽകുന്ന നിർദ്ദേശങ്ങൾ പ്രകാരമോ ഔദ്യോഗിക SGOU വെബ്സൈറ്റ് മുഖേന ഓൺലൈൻ വഴി മാത്രമാണ് അടയ്ക്കേണ്ടത്. ഫീസുകൾ ഈടാക്കുന്നതിനായി യൂണിവേഴ്സിറ്റി മറ്റേതെങ്കിലും ഏജൻസികളേയോ സ്വകാര്യസ്ഥാപനങ്ങളെയോ വ്യക്തികളേയോ ചുമതലപ്പെടുത്തിയിട്ടില്ല. പഠിതാക്കൾ യാതൊരു കാരണവശാലും ഫീസ് അടയ്ക്കുന്നതിനുവേണ്ടി ഇത്തരം ഏജൻസികളേയോ സ്വകാര്യസ്ഥാപനങ്ങളെയോ വ്യക്തികളേയോ ആശ്രയിക്കാൻ പാടുള്ളതല്ല.

രജിസ്ട്രേഷൻ, പരീക്ഷകൾ, സെമസ്റ്റർ രജിസ്ട്രേഷൻ തുടങ്ങി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടു വരുന്ന എല്ലാവിഷയങ്ങൾക്കും യൂണിവേഴ്സിറ്റിയുടെ അഡ്മിഷൻ പോർട്ടലിൽ പഠിതാക്കൾ നിർബന്ധമായും സ്വന്തം മൊബൈൽ നമ്പരും ഈമെയിൽ ഐഡിയും ഉപയോഗിക്കേണ്ടതാണ്. യാതൊരു കാരണവശാലും മറ്റ് വ്യക്തികളുടെയോ സ്ഥാപനങ്ങളുടേയോ മൊബൈൽ നമ്പരും ഈമെയിൽ ഐഡിയും ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

അനധികൃത ഏജൻസികളുമായോ സ്ഥാപനങ്ങളുമായോ വ്യക്തികളുമായോ ഉള്ള ഇടപാടുകൾ മൂലം ഉണ്ടാകുന്ന സാമ്പത്തിക അല്ലെങ്കിൽ അക്കാദമിക് നഷ്ടങ്ങൾക്ക് സർവകലാശാല യാതൊരു വിധത്തിലും ഉത്തരവാദിയായിരിക്കില്ല എന്ന് ഒരിക്കൽകൂടി എല്ലാ പഠിതാക്കളെയും ഓർമ്മപ്പെടുത്തുന്നു.

രജിസ്ട്രാർ

പകർപ്പ്

1. എല്ലാ റീജിയണൽ സെന്റർ ഡയറക്ടർമാർക്കും LSC കോർഡിനേറ്റർമാർക്കും -പഠിതാക്കളുടെ അടിയന്തിര ശ്രദ്ധയിൽപെടുത്തുവാൻ.
2. വിസിയുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫിസറുടെ പി.എ.മാർ
4. എല്ലാ ഡെപ്യൂട്ടി/അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും/സെക്ഷൻ ഓഫീസർമാർക്കും.

SREENARAYANAGURU OPEN UNIVERSITY KOLLAM - 691601